(സി) ഹരിപ്പാട് പോലീസ് സ്റ്റേഷൻ ക്രൈം 308/99 എന്ന കേസ്സിലെ പ്രതിയായതുകൊണ്ടാണ് സതീഷ്കുമാറിന്റെ അച്ഛൻ സദാശിവനെ അറസ്റ്റ് ചെയ്യാൻ ഇടയായിട്ടുള്ളത്.

(ഡി) കള്ളക്കേസ്സുകൾ എടുക്കുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) 304 (11) 34 ഐ.പി. സി. (ഹരിപ്പാട് പി.എസ്. ക്രൈം 307/99)

(എഫ്)143,147,148,149,323,308, ഐ.പി.സി (ഹരിപ്പാട് പി.എസ്. ക്രൈം 308/99.)

സതീഷ്കുമാറിന്റെ കൊലപാതകം

(63) ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നീണ്ടൂരിൽ മദ്യവിരുദ്ധ പ്രവർത്തകനായ സതീഷ്കുമാറിനെ കൊലപ്പെടുത്തിയ കേസ്സിലെ പ്രതികൾ ആരെല്ലാമാണ്;

(ബി) പ്രതികൾ വ്യാജമദ്യവിൽപ്പനക്കാരാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രതികളുടെ മേൽ എന്തെല്ലാം കുറ്റങ്ങളാണ് ആരോപിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ;

(ഡി) ഈ കേസ്സിന്റെ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; സതീഷ്കുമാറിനെ കൊലപ്പെടുത്താനുണ്ടായ കാരണം എന്താണെന്നാണ് അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളത്;

(ഇ) ഈ കൊലപാതകത്തിന് ദൃക്സാക്ഷികളായ പോലീസ് ഉദ്യോഗസ്ഥൻമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സതീഷ്കുമാറിന്റെ മരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സിലെ പ്രതികൾ ഷാജി, രാമചന്ദ്രൻ എന്നിവരാണ്.

(ബി) ഇല്ല.

(സി) 304(11)34 ഐ.പി.സി. പ്രകാരമുള്ള കുറ്റങ്ങളാണ് ആരോപിച്ചിട്ടുള്ളത്.

(ഡി) അന്വേഷണം തുടർന്നുവരുന്നു.

(ഇ) പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ ദൃക്സാക്ഷികളല്ല.

കസ്റ്റഡി മരണം

(68) ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർ പോലീസ് കസ്റ്റഡിയിലും ലോക്കപ്പിലും വച്ച് മരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവർ ആരെല്ലാം; ഏതെല്ലാം കേസ്സുമായി ബന്ധപ്പെട്ടാണ് ഇവരെ അറസ്റ്റ് ചെയ്തത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിലാണ് നടപടികൾ സ്വീകരിച്ചത്;

(ഡി) ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും ഇപ്പോൾ അന്വേഷണം നടക്കുന്നുണ്ടോയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) ലോക്കപ്പ് മരണം ഉണ്ടായിട്ടില്ല. കസ്റ്റഡിയിൽ വച്ച് മരണമടഞ്ഞതിന്റെ വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.

രാഷ്ട്രീയ കൊലപാതകങ്ങളും സംഘട്ടനങ്ങളും

(69) ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രാഷ്ട്രീയ കൊലപാതകങ്ങളും രാഷ്ട്രീയ സംഘട്ടനങ്ങളും ഉണ്ടായിട്ടുണ്ട്;

(ബി) ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) കൊല്ലപ്പെട്ടവർ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരാണ്;

(ഡി) ഇവരെ കൊലപ്പെടുത്തിയ കേസ്സിലെ പ്രതികൾ ആരെല്ലാമാണ്; അവർക്കുള്ള രാഷ്ട്രീയ ബന്ധമെന്താണ്;

(ഇ) പരിക്ക് പറ്റിയവരുടെ രാഷ്ട്രീയ ബന്ധങ്ങൾ വ്യക്തമാക്കുമോ;

(എഫ്) ഏതെങ്കിലും കളക്ടറേറ്റിലോ സർക്കാർ ഓഫീസിലോ ബോംബും മറ്റ് മാരകായുധങ്ങളുമായി കടന്ന് ചെന്ന് ആരെയെങ്കിലും ആക്രമിക്കുവാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട് ആർക്കെങ്കിലും എതിരെ കേസ്സുകൾ എടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; ഇവരുടെ രാഷ്ട്രീയ ബന്ധം എന്താണ്?

ഉത്തരം

(എ) 47 രാഷ്ട്രീയ കൊലപാതകങ്ങളും 3285 രാഷ്ട്രീയ സംഘട്ടനങ്ങളും നടന്നിട്ടുണ്ട്.

(ബി)

ജില്ല	രാഷ്ട്രീയ കൊലപാതകം	രാഷ്ട്രീയ സംഘട്ടനം
തിരുവനന്തപുരം	3	151
കൊല്ലം	2	79
പത്തനംതിട്ട	3	79

LIBRARY ARCHIVES Kerala Legislative Assembly